കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പിറവന്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1910/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം.

തീയതി :03/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പിറവന്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിറവന്തൂർ ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക്

പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1910/2017 തീയതി:03/11/2017

<u>കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017

സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുക യുണ്ടായി. പഞ്ചായത്ത് 02.12.2016 മുതൽ 04.10.2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നുലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.10.2017മുതൽ<br>21.10.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിജി വർഗ്ഗീസ് | ഓഡിറ്റ്ഓഫീസർ, ഹയർഗ്രേഡ് |

| | | |
|---|---|---|
| | ശ്രീമതി.സോണിയ.ജെ.സെബാസ്റ്റ്യൻ | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മഞ്ജുള സാഗർ | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശശികല.പി.എസ് | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.ജോഷ്വാ ജേക്കബ്ബ് | 1.4.2016 മുതൽ 3.8.2016 വരെ |
| | ശ്രീ.ജോൺ ഗോടിക്ക് ഗ്രീക്ക്(ചാർജ്ജ്) | 4.8.2016 മുതൽ 8.9.2016 വരെ |
| | ശ്രീ.എസ് .ബഷീർ | 9.9.2016 മുതൽ 16.11.2016 വരെ |
| | ശ്രീ.ജോൺ ഗോടിക്ക് ഗ്രീക്ക് (ചാർജ്ജ്) | 17.11.2016 മുതൽ 2.1.2017 വരെ |
| | ശ്രീ.എസ് .ബഷീർ | 31.1.2017 മുതൽ 31.3.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |

| | | |
|---|---|---|
| കൃഷിഓഫീസർ | ശ്രീ.എസ്.രാമചന്ദ്രൻ | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.സുരേഷ് ബാബു | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.സന്ധ്യ സുധാകരൻ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സലിൽ.എസ് | 1.4.2016 മുതൽ 28.2.2017 വരെ |
| | ഡോ.ശുഭ.എ.പി | 1.3.2017 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.തോമസ് കോശി | 1.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഗ്രേസി | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ (വന്മള സർക്കിൾ) | ശ്രീ.സുരേഷ് കുമാർ | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ (കിഴക്കേ മുറി സർക്കിൾ) | ശ്രീമതി.ഹസീന | 1.4.2016മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ. | ശ്രീ.എൻ.സുരേഷ് | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.എം.അരവിന്ദാക്ഷൻ | 1.4.2016 മുതൽ 31.3.2017 വരെ |
| അസി.സെക്രട്ടറി. | ശ്രീ.ജോൺ ഗോടിക്ക് ഗ്രീക്ക് | 1.4.2016 മുതൽ 31.3.2017 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.ദിനേഷ്.ഡി.കെ | 1.4.2016 മുതൽ 31.3.2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം **- 2** | |
| 12 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 2-1 |
| 13 | കെട്ടിടനികുതി കുടിശ്ശിക അധികരിക്കുന്നു | 2-2 |
| 14 | ട്രേഡേഴ്സ് ലിസ്റ്റിലെ അപാകതകൾ | 2-3 |
| 15 | മൊബൈൽ ടവർ–നികുതി ഈടാക്കുന്നില്ല | 2-4 |
| 16 | വാടക പിരിവിലെ അപാകതകൾ | 2-5 |
| | ഭാഗം **- 3** | |
| 17 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| 18 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ | 3-2 |
| 19 | തെരുവുവിളക്കുകൾ തുക പാഴാകുന്നു | 3-3 |
| 20 | ഭവനനിർമ്മാണപദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 3-4 |

| | | |
|---|---|---|
| 21 | പൂർത്തീകരണ/ വിനിയോഗസർട്ടിഫിക്കറ്റ് | 3-5 |
| 22 | വിശദമായ വിനിയോഗരേഖകളില്ല- എസ്.എസ്.എ.വിഹിതം 8,00,000/- തടസ്സപ്പെടുത്തുന്നു. | 3-6 |
| 23 | തുല്യതാപഠനപദ്ധതി-31,950/-രൂപ തടസ്സപ്പെടുത്തുന്നു. | 3-7 |
| 24 | ഓട്ടോ വാങ്ങുന്നതിന് സബ്സിഡി-രേഖകളില്ലാത്തതിനാൽ 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-8 |
| 25 | വിതരണരേഖകളില്ല- സൈക്കിൾ, ഫർണിച്ചർ വാങ്ങലിനു ചെലവഴിച്ച 7,42,320/-രൂപ തടസ്സപ്പെടുത്തുന്നു. | 3-9 |
| 26 | പദ്ധതിനിർവഹണത്തിന്റെ വിശദാംശങ്ങളില്ല- ചെലവുതുക 2,23,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-10 |
| 27 | വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ തുക അധികരിച്ച് ധനസഹായം-5,000/- രൂപ നിരാകരിക്കുന്നു. | 3-11 |
| 28 | അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം- 6,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-12 |
| 29 | ആശ്രയപദ്ധതി പ്രവർത്തനങ്ങൾ ഭക്ഷണവിതരണത്തിലൊതുങ്ങുന്നു | 3-13 |
| 30 | ഉറവിടമാലിന്യസംസ്കരണയൂണിറ്റ്-ഫണ്ടുകൾ യഥാസമയം മാറി നൽകുന്നില്ല | 3-14 |

| | | |
|---|---|---|
| 31 | വികസനപദ്ധതികൾക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച തുകകൾ വിനിയോഗിക്കാതിരുന്നത്- നഷ്ടം - 3,55,39,750/-രൂപ | 3-15 |
| | ഭാഗം **4** | |
| 32 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റർവർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 41 | സാക്ഷ്യപത്രം | 4-10 |



വിതരണരേഖകളില്ല- സൈക്കിൾ, ഫർണിച്ചർ വാങ്ങലിനു ചെലവഴിച്ച 7,42,320/-രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 21.03.2016 തിയതിയിലെ 1- ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 25.06.2017 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-17 | 12.10.2017 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

1) ബാലൻസ് ഷീറ്റിൽ സാക്ഷരതാഗ്രാന്റിന്റെ ബാലൻസ് ആയി കാണിച്ചിരിക്കുന്നത് 10,344/-രൂപയാണ്.

എന്നാൽ മുൻ ബാലൻസ് ഷീറ്റ് പ്രകാരമുള്ള മുന്നിരിപ്പിന്റെയും നീക്കിയിരിപ്പിന്റെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 45,582/- |
| തൻവർഷവരവ് (RP-31) | 40,240 /- |
| ആകെ | 85,822/- |
| തൻവർഷചെലവ് (I6) | 36,000/- |
| നീക്കിയിരിപ്പ് | 49,822/- |
| നീക്കിയിരിപ്പിലെ വ്യത്യാസം | 39,478/- |

2) വസ്തുനികുതി -സഞ്ചയികപ്രകാരമുള്ള വരവും ബാലൻസും വാർഷിക കണക്കുപ്രകാരമുള്ള വരവും ബാലൻസും പൊരുത്തപ്പെടുന്നില്ല.

3) തൻവർഷം നല്കിയിട്ടുള്ള പാർട്ട് ബില്ലുകളുടെ തുക 7,15,944/- രൂപയാണ്. എന്നാൽ വർക്ക്-ഇൻ-പ്രോഗ്രസ്സായി കാണിച്ചിട്ടുള്ളത് 2,36,515/- രൂപയാണ്.

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,24,00,263/- |
| വരവ് | 8,09,91,953/- |
| ആകെ | 10,33,92,216/- |
| ചെലവ് | 7,20,27,984/- |
| നീക്കിയിരിപ്പ് | 3,13,64,232/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 1,92,80,231/- | 1,92,80,231/- | 1,92,80,231/- | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് എസ്.സി.പി. | 0 | 67,90,120/- | 67,90,120/- | 67,90,120/- | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 4,02,241/- | 4,02,241/- | 4,02,241/- | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1,01,08,151/- | 1,01,08,151/- | 1,01,08,151/- | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 33,32,580/- | 33,32,580/- | 33,32,580/- | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 85,38,552/- | 85,38,552/- | 85,38,552/- | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 17,26,216/- | 17,26,216/- | 17,26,216/- | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 871/- | 3,93,11,491/- | 3,93,12,362/- | 3,93,11,257/- | 1,105/- | 99.9 |
| ബി ഫണ്ട് | 0 | 47,889/- | 47,889/- | 47,889/- | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 248 | 12,17,33,839/- | 160 | 5,51,76,593/- | 13 | 82 | 65 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെപ്പറയുംപ്രകാരം 12.5% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 30,80,118/- | 60,03,603/- | 29,23,485/- | |
| നികുതിയേതര വരവുകൾ | 10,18,768/- | 17,03,894/- | 68,51,216/- | |
| മറ്റുവരവുകൾ | 1,28,42,126/- | 1,22,83,761/- | -58,365/- | |
| ആകെ | 1,69,41,012/- | 1,99,91,258/- | 30,50,246/- | 12.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെല വഴിച്ച തുക | ഗുണഭോ ക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 3,07,320/- | 160 |
| കർഷകതൊഴിലാളി | 68,75,560/- | 3559 |
| വിധവാപെൻഷൻ | 1,71,81,990/- | 7322 |
| വാർദ്ധക്യകാല പെൻഷൻ | 1,79,58,845/- | 7639 |
| വികലാംഗപെൻഷൻ | 45,58,175/- | 1856 |
| അൻപത് വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,97,500/- | 56 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 5,10,000/- | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,549/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.10.2017 | 08/17 മുതൽ 9/17 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.17 മുതൽ 13.10.17 വരെ | 2012-13 മുതൽ 2016-17 വരെ | ലഭിച്ചില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ/സ്ഥാപന നികുതി പിരിവിലെ അപാകതകൾ

1) ഗ്രാമപഞ്ചായത്തുപരിധിയിലുള്ള ചുവടെ ചേർക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിൽനിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1.സെന്റ് മേരീസ് യു.പി.എസ്,പിറവന്നൂർ

2.ഗുരുദേവാ ഹൈസ്കൂൾ, പിറവന്നൂർ

3.ശാലോം മാർതോമാ എൽ.പി.എസ്, ചാച്ചിപ്പുന്ന

4.പി.എൻ.കെ.എം.യു.പി.എസ്, കറവൂർ

5.സെന്റ് പോൾസ് എം.എസ്.സി.എൽ.പി.എസ്,ചെമ്പനരുവി

6.എസ്.എൻ.യു.പി.എസ്, പിറവന്തൂർ

ഇതു സംബന്ധിച്ചുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീയതി 20.10.17)ലഭ്യമാക്കിയ മറുപടിയിൽ അതാതുവർഷങ്ങളിൽ ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ടെങ്കിലും സ്ഥാപനങ്ങൾ നികുതി അടയ്ക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽസ്ഥാപനങ്ങളിൽനിന്നും സ്ഥാപനനികുതി, കുടിശ്ശികസഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) മുക്കട വാർഡിലുള്ള കുര്യോട്ടുമല അയ്യൻകാളി മെമ്മോറിയൽ ആർട്ട്സ് ആന്റ് സയൻസ് കോളേജിലെ ജീവനക്കാരുടെ തസ്തികകൾക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ തൊഴിൽ/സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല.

3) സെന്റ് പോൾസ് എം.എസ്.സി.എൽ.പി.എസ്, ചെമ്പനരുവിയിലെ അധ്യാപികയായ സിസ്റ്റർ സരിത.എസ്.എസിന് നിയമനാംഗീകാരം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ 2016-17 രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. നിയമനത്തിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

4) ലാഭം മാർക്കറ്റ്, പുന്നല, മാവേലിസ്റ്റോർ, അലിമുക്ക് എന്നിവയുടെ സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. തുടർവർഷങ്ങളിൽ ഈ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 കെട്ടിട നികുതി -കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്

2016-17 കാലയളവിൽ വസ്തുനികുതി ഇനത്തിൽ 22,46,366/-രൂപയും കുടിശ്ശികയിനത്തിൽ 43,68,546/- രൂപയും ഉൾപ്പടെ 66,14,912/-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 (1)- ഉപവകുപ്പുപ്രകാരം നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കാത്തപക്ഷം, പ്രസ്തുതതുക 3 വർഷത്തിനുശേഷം കാലഹരണപ്പെടും എന്നതിനാൽ വർഷം തിരിച്ചുള്ള കണക്കുകൾ തയാറാക്കി, കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മുൻവർഷ റിപ്പോർട്ടുകളിൽ തുടർച്ചയായി ഈ വിഷയം പരാമർശവിധേയമാക്കിയെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടില്ല.

വസ്തുനികുതിയിനത്തിൽ അവശേഷിക്കുന്ന 66,14,912/-രൂപ ഈടാക്കാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ട്രേഡേഴ്സ് ലിസ്റ്റിലെ അപാകതകൾ

2016-17 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റുപ്രകാരം ഗ്രാമപഞ്ചായത്തുപരിധിയിൽ 148 വാണിജ്യ സ്ഥാപനങ്ങളുണ്ട്. എന്നാൽ ഡിആന്റ്ഒ രജിസ്റ്റർപ്രകാരം 198 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. വാണിജ്യസ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള പൊരുത്തക്കേട് വിശദീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.3തീയതി.17.10.17) ലഭ്യമാക്കിയ മറുപടിയിൽ ,വാർഡുക്ളാർക്കുമാർ നൽകിയ ട്രേഡേഴ്സ് ലിസ്റ്റാണ് ഓഡിറ്റിനു നൽകിയതെന്നും, പിന്നീട് ഫീൽഡ് പരിശോധനനടത്തി വ്യാപാര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ, ലൈസൻസ് എടുത്തവരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയാണ് ഡിആന്റ്ഒ രജിസ്റ്റർ തയ്യാറാക്കിയതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽനിന്നും ലഭ്യമായ കണക്കുകൾപ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണം 973 ആണ്. ഇതിൽനിന്നും സമഗ്രമായ ഒരു കണക്കെടുപ്പ് ഈ വിഷയത്തിൽ നടന്നിട്ടില്ല എന്ന് ബോധ്യമാകുന്നു. പുനലൂർ നഗരസഭ, പത്തനാപുരം, ആര്യൻകാവ്, തെന്മല ഗ്രാമപഞ്ചായത്തുകൾ എന്നിവയുമായി അതിർത്തികൾ പങ്കുവയ്ക്കുന്ന ഈ മേഖലയിൽ ഫീൽഡ് സ്റ്റാഫിനെ യഥാവിധി ഉപയോഗപ്പെടുത്തി യഥാർത്ഥ കണക്കുകൾ തയ്യാറാക്കാനും, ലൈസൻസ് ഫീ ഇനത്തിലുള്ള വരുമാനനഷ്ടം ഒഴിവാക്കാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തുപരിധിയിൽ സ്ഥിതിചെയ്യുന്ന മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പേരും വിലാസവും | വാർഡ് നം |
|---|---|---|
| 1 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈ.ലിമിറ്റഡ്,മാത്തർ സ്ക്വയർ | I/557 |
| 2 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | III/758 |

| | | |
|---|---|---|
| 3 | ഡെപ്യൂട്ടി ജനറൽ മാനേജർ, ഇൻഡസ് ടവർ ലിമിറ്റഡ്. | III/898 |
| 4 | റിലയൻസ് ടവർ | VII/479 |
| 5 | ഭാരതി ടവർ | X/461 |
| 6 | ബിജു.ടി.നായർ, മാനേജർ , പ്രോജക്ട് വോഡാഫോൺ | XII/25 |
| 7 | മാനേജർ , ഐഡിയ സെല്ലുലാർ ലിമിറ്റഡ് | XII/26 |
| 8 | ഭാരതി എയർടെൽലിമിറ്റഡ്, ഭാരതി ടവർ,എസ്.എ റോഡ്, കടവന്ത്ര. | XII/111 |
| 9 | സർക്കിൾ ഹെഡ്, ടവർ വിഷൻ ഇൻഡ്യ പ്രൈ.ലിമിറ്റഡ് | XII/135 |
| 10 | ഡെപ്യൂട്ടി ജനറൽ മാനേജർ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | XIV/513 |
| 11 | ഡെപ്യൂട്ടി ജനറൽ മാനേജർ, വൻകരേത്ത് ടവേഴ്സ് | XV/656 |
| 12 | മാനേജർ, എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈ.ലിമിറ്റഡ് | XVI/454 |
| 13 | ബിജു.ടി.നായർ,മാനേജർ , പ്രോജക്ട് വോഡാഫോൺ | XIX/481 |
| 14 | ഐഡിയ മൊബൈൽ, മെർച്ച എസ്റ്റേറ്റ് | XXI/577 |

മേൽ സൂചിപ്പിച്ചവയിൽ ക്രമനം 1 പ്രകാരമുള്ള ടവറിൽനിന്നും മാത്രമാണ് 2016-17-ൽ നികുതി ഈടാക്കിയിട്ടുള്ളത്. ശേഷിക്കുന്നവയിൽനിന്നും തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 <u>വാടക പിരിവ് കൃത്യമല്ല</u>

പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ കടയ്ക്കാമൺ എന്ന സ്ഥലത്ത് കൊല്ലം ജില്ലാപഞ്ചായത്ത് നിർമ്മിച്ച മിനി വ്യവസായ യൂണിറ്റിലെ പത്ത് കടമുറികളിൽ രണ്ടെണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. മുറികൾ ലേലം ചെയ്തുനൽകുന്നതും, ഡെപ്പോസിറ്റ് തുക സ്വീകരിക്കുന്നതും വാടകക്കാരുമായി കരാറിലേർപ്പെടുന്നതും ജില്ലാപഞ്ചായത്താണ്. ആയതു സംബന്ധമായ രേഖകളുടെ സൂക്ഷിപ്പും ജില്ലാപഞ്ചായത്താണ് നിർവഹിക്കുന്നത്. രണ്ടു സ്വകാര്യ വ്യക്തികൾ ഏഴു മുറികളും, ഹോമിയോ മെഡിക്കൽ ഓഫീസർ ഒരു മുറിയും ഉപയോഗപ്പെടുത്തുന്നുണ്ട്. വാടകക്കാർ ഏറ്റെടുത്തിട്ടുള്ള കടമുറികൾക്ക് വാർഷികവാടക വർദ്ധനവ് വരുത്തിയിട്ടില്ല. വാടക പിരിച്ചെടുക്കാനുള്ള ചുമതല ഗ്രാമപഞ്ചായത്തിനാണ്. വാടകയുടെ 60% ജില്ലാപഞ്ചായത്തിനും 40%

ഗ്രാമപഞ്ചായത്തിനും അവകാശപ്പെട്ടതാണ്. 2012-13 സാമ്പത്തിക വർഷത്തിനുശേഷം പിരിച്ചെടുത്ത വാടകയുടെ ആനുപാതിക സംഖ്യ ജില്ലാപഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടില്ല. തുക തിട്ടപ്പെടുത്തി ജില്ലാപഞ്ചായത്തിന് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാത്തതിനാൽ ബാങ്ക് ചാർജ് ഇനത്തിൽ നഷ്ടം

പഞ്ചായത്തിലെ നാല് ബാങ്ക് അക്കൗണ്ടുകൾ വർഷങ്ങളായി നിഷ്ക്രിയമായിരിക്കുകയാണ്. അവയുടെ വിവരങ്ങൾ താഴെ നൽകുന്നു.

1. ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതിയുടെ പരിഷ്കരിച്ച മാർഗരേഖ സ.ഉ (എം.എസ്) നം.207/2009/ തസ്വഭവ തീയതി 07.11.2009 പ്രകാരം ഇതുവരെ പാർപ്പിടപദ്ധതികളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതിക്കായി വിനിയോഗിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ ജനകീയപാർപ്പിടപദ്ധതിക്കായി കാനറ ബാങ്കിൽ 10/04/2000 -ൽ ആരംഭിച്ച അക്കൗണ്ടിൽ (A/C NO:36964) 31.3.17-ൽ 55,861/-രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നുണ്ട്.

2. പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെപേരിൽ 03.02.2014 മുതൽ എസ്.ബി.റ്റി-യിൽ പെൻഷൻ ആന്റ് അൺ എംപ്ളോയ്മെന്റ് അലവൻസ് എന്ന ഒരു ബാങ്ക് അക്കൗണ്ട് ആരംഭിച്ചു. ഇത് 18.09.2004 മുതൽ നിഷ്ക്രിയമാണ്. 31.3.17-ൽ ഈ അക്കൗണ്ടിൽ 45,897/-രൂപ അവശേഷിക്കുന്നുണ്ട്. 2004-ൽ നോൺ ബാങ്കിങ് ട്രഷറിയിലെ അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിനുവേണ്ടിയാണ് ടി അക്കൗണ്ട് തുടങ്ങിയത്, എന്നാൽ ആവശ്യം കഴിഞ്ഞ് പിന്നീടിത് കൺസോളിഡേറ്റഡ് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല.

3. യൂറോപ്യൻ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിനുവേണ്ടി കൊല്ലം ജില്ലാസഹകരണബാങ്കിൽ 23.01.2002-ൽ തുടങ്ങിയ (Account No:-30131200801015) അക്കൗണ്ട് 2003 ഏപ്രിൽ മുതൽ നിഷ്ക്രിയമായി അവശേഷിക്കുകയാണ്. നിലവിൽ ടി അക്കൗണ്ടിൽ 3,341/- രൂപ അവശേഷിക്കുന്നു.

4. സർവ്വശിക്ഷ അഭിയാനുവേണ്ടി സെക്രട്ടറിയുടെ പേരിൽ സൗത്ത് ഇൻഡ്യൻ ബാങ്കിൽ 73249 എന്ന അക്കൗണ്ട് നമ്പരിൽ 08.04.2006 ൽ ഒരു കറണ്ട്

അക്കൗണ്ട് ആരംഭിച്ചു. എന്നാൽ ഇത് 2009 മുതൽ നിഷ്ക്രിയമായിരിക്കുകയാണ്. ഈ അക്കൗണ്ടിൽ 18,410/- രൂപ അവശേഷിക്കുന്നു

മേൽ അക്കൗണ്ടുകളിൽ ശേഷിക്കുന്ന തുകകളിൽനിന്നും ബാങ്ക് ചാർജായി തുകകൾ ബാങ്ക് പിൻവലിക്കുന്നുമുണ്ട്. ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മുൻ റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ടി അക്കൗണ്ടുകൾ നിലനില്ക്കുകയാണ്. ഇതുമൂലം ബാങ്ക് ചാർജിനത്തിൽ നല്ലൊരു തുക പഞ്ചായത്തിന് നഷ്ടമാകുന്നു. ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1)പി.എച്ച്.സിയ്ക്കു മരുന്നു വാങ്ങൽ-എസ്.0130/17

2016-17 വർഷം നടപ്പാക്കിയ പി.എച്ച്.സിയ്ക്കു മരുന്നു വാങ്ങൽ എന്ന പദ്ധതിയിൽ സംരക്ഷിത ഗ്രാൻറ് (നോൺ റോഡ്)-ൽ നിന്നും വകയിരുത്തിയ 1,00,000/-രൂപ{(ബിൽ നം.1/16-17, 12.1.2017 ) ഡി.ഡി.നം.876674, 18.1.2017}പ്രകാരം കേരളാമെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭിച്ചതിൻെറ വിശദാംശങ്ങൾ,സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പെടെ പരിശോധനയ്ക്കു ലഭ്യമാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) പാലിയേറ്റീവ് പരിചരണം-എസ്.0125/17

ബിൽ നം.4/16-17/ 13/3/17 പ്രകാരം 180719/- രൂപയിൽനിന്നും 1,00,000/- രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭിച്ചതിൻെറ വിശദാംശങ്ങൾ ,സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പെടെ പരിശോധനയ്ക്കു ലഭ്യമാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3) പട്ടികവർഗ്ഗ മേഖലയിലെ നവജാതശിശുക്കളുടെയും അമ്മമാരുടേയും പരിചരണം -എസ്.0131/17

വികസനഫണ്ടിൽനിന്നും 25,000/-രൂപ വകയിരുത്തി (ബിൽ നം.3/16-17, 13.3.2017, 9,000/-രൂപ & ബിൽ നം.5/16-17, 22/3/2017, 16,000/-രൂപ) പട്ടികവർഗ്ഗ പരിചരണ സേവന പാക്കേജ് പ്രകാരം പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക ഭക്ഷണവിതരണത്തിനുള്ള വസ്തുക്കൾവാങ്ങി ട്രൈബൽ കോളനികളിൽ വിതരണം ചെയ്യാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയിൽ ഏതൊക്കെ ട്രൈബൽ കോളനികളിൽ വിതരണം ചെയ്തിട്ടുണ്ട് എന്നത് ഫയലിൽനിന്നും വ്യക്തമല്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിൻെറ രേഖകൾ ഹാജരാക്കിയില്ല. ഭക്ഷണവിതരണത്തിനുള്ള വസ്തുക്കൾ എന്ന പദ്ധതിയിൽ പറയുന്നുണ്ടെങ്കിലും ഹാജരാക്കിയ ബില്ലുകൾപ്രകാരം വാങ്ങിയ വസ്തുക്കൾ ഏറെയും ബേബി സോപ്പ് , ബേബി ഓയിൽ, ടൗവ്വൽ, നെറ്റ് ബെഡ് എന്നിവയാണ് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 25,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4)രക്തദാന ഡയറക്ടറി-എസ്.0156/17

തനതുഫണ്ടിൽനിന്നും 30,000/-രൂപ വകയിരുത്തി ചെലവഴിച്ച പദ്ധതിയിൽ 300 കോപ്പി ബ്ലഡ് ഡൊണേറ്റിങ്ങ് ഡയറക്ടറി കുറഞ്ഞനിരക്കക്വാട്ടുചെയ്ത പ്രിജി പ്രിൻറേഴ്സ് എന്ന സ്ഥാപനം പ്രിൻറുചെയ്തു നൽകിയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിൻെറ രേഖകൾ ഹാജരാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 30,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ

1) വിവിധ അങ്കണവാടികൾക്കുനൽകിയ WBNP അരി, ഗോതമ്പ് എന്നിവ ഇഷ്യൂ നോട്ടിൽ രേഖപ്പെടുത്തിയ തീയതികളിലല്ല അങ്കണവാടികൾ സ്റ്റോക്കിലെടുത്തിരിക്കുന്നത്. കൂടാതെ 27.6.16 തീയതിയിൽ സ്റ്റോക്കുരജിസ്റ്ററിൽ ഇഷ്യൂ നോട്ട് നം.1692 പ്രകാരം ലഭിച്ച അരി (2050 kg), ഗോതമ്പ് (6919 kg) എന്നിവ ആകെയുള്ള 41 അങ്കണവാടികൾക്കു വിതരണം ചെയ്തതിൻെറ അളവ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇഷ്യൂ നോട്ട് നം.&തീയതി | മെയിൻ സ്റ്റോക്ക് രജിസ്റ്റർ | അങ്കണവാടി നം. | അങ്കണവാടി സ്റ്റോക്ക് |
|---|---|---|---|

| | | | |
|---|---|---|---|
| | | | രജിസ്റ്റർ തീയതി |
| 16258/1 /11/2016 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 36 | 10.10.2016 |
| 16258/1 /11/2016 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 4 | 17.10.2016 |
| 16258/1 /11/2016 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 2 | 10.10.2016 |
| 16258/1 /11/2016 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 26 | 16.10.2016 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല | 36 | 10.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല | 4 | 10.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല | 2 | 12.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല | 26 | 16.1.2017 |

| | | | |
|---|---|---|---|
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 25 | 10.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 175 | 19.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 36 | 10.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 32 | 26.12.2016 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 28 | 16.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 11 | 21.12.2016 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 8 | 13.1.2017 |
| 1692/23.1.2017 | തീയതിയോ | 14 | 11.1.2017 |

| | | | |
|---|---|---|---|
| (അരി-600kg | ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | | |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 15 | 19.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 176 | 12.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 7 | 12.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 19 | 27.12.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 1 | 17.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 175 | 19.1.2017 |
| 1692/23.1.2017 (അരി-600kg | തീയതിയോ ഇഷ്യൂ നോട്ട് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല്ല | 23 | 9.1.2017 |

സ്റ്റോക്കുരജിസ്റ്ററിലെ വ്യത്യാസങ്ങൾക്ക് മതിയായ വിശദീകരണം നൽകേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) മറുപടി നൽകിയിട്ടില്ല. സ്റ്റോക്കുരജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലോടെ ഹാജരാക്കേണ്ടതാണ്.

## 3-3 തെരുവുവിളക്കുകൾ - തുക പാഴാകുന്നു

1) 2016-17 വർഷം ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ 22,70,940/-(1,89,245 x12)രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന തെരുവുവിളക്ക് സ്റ്റോക്കുരജിസ്റ്റർപ്രകാരം പഞ്ചായത്തുപരിധിയിലുള്ള വിവിധയിനം തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | സാധാരണ ബൾബ്<br>40 w<br>60 w<br>100 w | 498<br>210<br>7 | 61/-<br>94/-<br>155/- | 30,378/-<br>19,740/-<br>1,085/- |
| 2 | സിംഗിൾ ട്യൂബ്<br>40 w | 851 | 61/- | 51,911/- |
| 3 | ഡബിൾ ട്യൂബ്<br>80 w | 567 | 124/- | 70,308/- |
| 4 | സി.എഫ്.എൽ<br>18 w | 60 | 12/- | 720/- |

| | | | | |
|---|---|---|---|---|
| | 22 w | 174 | 14/- | 2,436/- |
| 5 | എസ്. വി .എൽ<br>250 w<br>150 w | 30<br>1 | 414/-<br>247/- | 12420/-<br>247/- |
| ആകെ | | | | 1,89,245/- |

രജിസ്റ്റർ പ്രകാരം 40 W ന്റെ 498 എണ്ണവും 60 W ന്റെ 210 എണ്ണവും 100 Wന്റെ 7 എണ്ണവും സാധാരണ ബൾബുകൾ ഉള്ളതായി കാണുന്നു. എന്നാൽ സമീപകാലയളവിൽ സാധാരണ ബൾബുകൾ ഗ്രാമപഞ്ചായത്ത് വാങ്ങിയതായി രേഖകളില്ല. ഈ വിവരം കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി ഓർഡിനറി ബൾബിന് ഈടാക്കുന്ന കറന്റ് ചാർജ് ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. സംയുക്തപരിശോധനനടത്തി തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് വ്യക്തതവരുത്തി കെ.എസ്.ഇ.ബി-യിൽനിന്നും സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2) 2016-17 വർഷം 102 കുടിവെള്ള ടാപ്പുകൾക്കായി പ്രതിമാസം 44,625/-രൂപ വീതം 5,35,500/-രൂപ വാട്ടർ അതോറിറ്റിക്ക് ഒടുക്കുന്നുണ്ട്. ടാപ്പുകളുടെ എണ്ണം സംബന്ധിച്ച യാതൊരു ആധികാരികരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 2016-17 വർഷം അസിസ്റ്റൻറ് സെക്രട്ടറി, വി.ഇ.ഒ എന്നിവർ നിർവ്വഹണം നടത്തിയ വിവിധ കുടിവെള്ളപദ്ധതികൾ ഉണ്ടെന്നിരിക്കെ ഇത്രയേറെ തുക പ്രതിവർഷം വാട്ടർചാർജിനത്തിൽ ഒടുക്കുവരുത്തേണ്ടതിൻെറ ആവശ്യകതയും പരിശോധിക്കേണ്ടതാണ്.

## 3-4 ഭവനനിർമ്മാണപദ്ധതി പൂർത്തികരിക്കുന്നില്ല.

പ്രോജക്റ്റ് സ്പിൽ ഓവർ ആയ അതേ വർഷംതന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണെന്ന മാർഗ്ഗനിർദ്ദേശം പാലിച്ച് ഭവനനിർമ്മാണപദ്ധതി പൂർത്തികരിക്കുവാൻ കഴിഞ്ഞില്ല.

വി.ഇ.ഒ.നിർവഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ ആയി നടപ്പിലാക്കിയ വനിത ഗൃഹനാഥയായ കുടുംബത്തിന് ഭവനനിർമ്മാണം എന്ന പ്രോജക്ടിനായി(പ്രോജക്ട് നം.15/17) വികസനഫണ്ടിൽനിന്നും 1,22,600/-രൂപ വകയിരുത്തിയെങ്കിലും തൻവർഷം 90,000/-രൂപ മാത്രമാണ് ചെലവഴിച്ചത്.

തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന് ഭവനനിർമ്മാണം പൂർത്തികരിക്കുവാൻ ആവശ്യമായ മുഴുവൻ തുകയും വകയിരുത്തി പദ്ധതി ആവിഷ്കരിച്ചുവെങ്കിലും ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തിയാക്കിയിട്ടില്ല എന്ന് രേഖകളിൽനിന്നും വ്യക്തമാകുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും, വാർഡുനമ്പരും | 2015-16 വരെ കൈപ്പറ്റിയ തുക | 2016-17 ൽ കൈപ്പറ്റിയ തുക | ബിൽ നം/ തുക |
|---|---|---|---|---|
| 1 | ശ്രീമതി.നിഷാ വിശ്വം,നിർമ്മാല്യം, കമുകുംചേരി പി.ഒ, എലിക്കാട്ടൂർ. | 1,80,000/- | - | - |
| 2 | ശ്രീമതി.ജയ.ഒ, ശ്രീരാജ് ഭവൻ, കമുകുംചേരി പി.ഒ, എലിക്കാട്ടൂർ. | 20,000/- | 1,20,000/- | 32/16-17 23.3.17 |
| 3 | ശ്രീമതി.രഞ്ജു,മഞ്ജു വിലാസം,പുന്നല പി.ഒ. | 20,000/- | - | |
| 4 | ശ്രീമതി.ശാലിനി,വാവറ വടക്കതിൽ,പിറവന്തൂർ | 80,000/- | 60,000/- | 32/16-17 23.3.17 |
| 5 | ശ്രീമതി.അംബിക, ആതിര ഭവനം, ചേകം, കിഴക്കേമുറി | 80,000/- | 1,00,000/- | 32/16-17 23.3.17 |

ഭവനനിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ശ്രീമതി.നിഷ, ശ്രീമതി.മഞ്ജു എന്നീ ഗുണഭോക്താക്കൾ തൻവർഷം യാതൊരു പ്രവർത്തിയും ചെയ്തിട്ടില്ല എന്ന് രേഖ

| ഗുണഭോക്താവിന്റെ പേരും വിലാസവും, വാർഡുനമ്പരും | 2015-16 വരെ കൈപ്പറ്റിയ തുക | 2016-17 ൽ കൈപ്പറ്റിയ തുക | ബിൽ നം/ തുക |
|---|---|---|---|
| ശ്രീമതി.നിഷാ വിശ്വം,നിർമ്മാല്യം, കമുകുംചേരി പി.ഒ, എലിക്കാട്ടൂർ. | 1,80,000/- | - | - |
| ശ്രീമതി.ജയ.ഒ, ശ്രീരാജ് ഭവൻ, കമുകുംചേരി പി.ഒ, എലിക്കാട്ടൂർ. | 20,000/- | 1,20,000/- | 32/16-17 23.3.17 |
| ശ്രീമതി.രഞ്ജു,മഞ്ജു വിലാസം,പുന്നല പി.ഒ. | 20,000/- | - | |
| ശ്രീമതി.ശാലിനി,വാവറ വടക്കതിൽ,പിറവന്തൂർ | 80,000/- | 60,000/- | 32/16-17 23.3.17 |
| ശ്രീമതി.അംബിക, ആതിര ഭവനം, ചേകം, കിഴക്കേമുറി | 80,000/- | 1,00,000/- | 32/16-17 23.3.17 |

കളിൽനിന്ന് വ്യക്തമാകുന്നു. ഒരു സ്പിൽ ഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ അതേവർഷംതന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണെന്ന് 11.1.16-ലെ സ.ഉ.(എം.എസ്സ്.)നം.4/16/ത.സ്വ.ഭ.വ. മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ, ഇവർ ലൈഫ് മിഷൻപദ്ധതി പ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നീ വിവരങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്കു (നം.14 തീയതി 20.10.2017 ) മറുപടി ലഭ്യമാക്കിയില്ല.

ആദ്യഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്ന വിവരം ബോദ്ധ്യപ്പെടുത്തേണ്ടതാണ്. പദ്ധതി മാർഗനിർദ്ദേശങ്ങൾ പാലിക്കുവാൻ നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-5 പൂർത്തീകരണ/ വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല- 15,90,000/-രൂപ തടസ്സപ്പെടുത്തുന്നു.

2016-17 വർഷം വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾപ്രകാരം ചെലവഴിച്ച തുകകളുടെ പൂർത്തീകരണ/വിനിയോഗസർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | അടങ്കൽ തുക ഫണ്ടിനം | ചെലവ് തുക | ബിൽ നം/ തീയതി | തുക കൈപറ്റിയ വ്യക്തി/ സ്ഥാപനം | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | പി.എം.എ.വൈ ഭവന പദ്ധതി-ജനറൽ (8/17) | 2,40,000/-(വികസന ഫണ്ട്-ജനറൽ) | 2,40,000/- | 11/16-17 26.9.2016 | ബി.ഡി.ഒ, പത്തനാപുരം ബ്ളോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 2 | പി.എം.എ.വൈ ഭവന പദ്ധതി-എസ്.സി (188/17) | 7,00,000/-(വികസന ഫണ്ട്-എസ്.സി.പി) | 7,00,000/- | 4/16-17 15.2.2017 | ബി.ഡി.ഒ, പത്തനാപുരം ബ്ളോക്ക് പഞ്ചായത്ത്. | അസിസ്റ്റന്റ് സെക്രട്ടറി |
| 3 | പി.എം.എ.വൈ ഭവന പദ്ധതി-എസ്.ടി (189/17) | 6,50,000/-(വികസന ഫണ്ട്-എസ്.ടി.പി) | 6,50,000/- | 14/16-1)14 /16-17 24.3.2017 2)5/16-17 20.2.17 | ബി.ഡി.ഒ, പത്തനാപുരം ബ്ളോക്ക് പഞ്ചായത്ത്. | അസിസ്റ്റന്റ് സെക്രട്ടറി |
| | | ആകെ | 15,90,000/- | | | |

പൂർത്തീകരണ/ വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 15,90,000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-6** വിശദമായ വിനിയോഗരേഖകളില്ല, എസ്.എസ്.എ.വിഹിതം **8,00,000/-** തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് :എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ

പ്രോജക്ട് നമ്പർ -02/2017

വികസന ഫണ്ട് (പൊതുവിഭാഗം)-8,00,000/-

ചെലവ്-8,00,000/-

ബിൽനം-12/16-17;16.11.16

നിർവ്വഹണം : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ആറ് വയസ്സുമുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വശിക്ഷാഅഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി പഞ്ചായത്തുഫണ്ടിൽനിന്നും ഓഡിറ്റ് വർഷം 8,00,000/-രൂപ പിൻവലിച്ച് എസ്.എസ്.എ-യിൽ അടവാക്കിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റുരസീതും തുക വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രവും ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ പക്കൽനിന്നും ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 18.08.2012 ലെ (എം.എസ്.)225/12/ത.സ്വ.ഭ.വ, 16.11.2013 ലെ (എം.എസ്)362/2013/ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾപ്രകാരം [പന്ത്രണ്ടാം പഞ്ചവൽസരപദ്ധതി മാർഗ്ഗരേഖകൾ] തദ്ദേശഭരണസ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്നപ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനുവേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ-യും വിദ്യാഭ്യാസ പ്രവർത്തനകമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണസ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതി ഭരണസമിതി അംഗീകരിച്ച് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനകമ്മിറ്റിയുടെ അഭിപ്രായങ്ങളോ, ശുപാർശകളോ വിലയിരുത്തിയിട്ടല്ല എസ്.എസ്.എ. പദ്ധതികൾക്കായി തുക അനുവദിച്ചത്.

2) എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്തുതലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബഡ്ജറ്റ് വിവരങ്ങൾ തയ്യാറാക്കിയത്, പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, വിനിയോഗസാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷങ്ങളിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മസമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം 11/16-17; 20.10.17) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 8,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 തുല്യതാപഠനപദ്ധതി-31,950/-രൂപ തടസ്സപ്പെടുത്തുന്നു

പത്താംതരം തുല്യതപഠനം (പ്രോജക്ട് നം.97/17), പന്ത്രണ്ടാംതരം തുല്യതപഠനം (പ്രോജക്ട് നം99/17) എന്നീ പദ്ധതികൾക്കായി വികസനഫണ്ടിൽനിന്നും യഥാക്രമം 10500/-,21450 എന്നീ തുകകൾ നിർവ്വഹണോദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാസാക്ഷരതാമിഷന് നൽകിയിട്ടുണ്ട്. (ബിൽനം-31/16-17;28.03.17,ബിൽനം30/16-17;28.03.17) സാക്ഷരതാമിഷനിൽ പഠിതാക്കളെ രജിസ്റ്റർചെയ്ത രേഖകൾ, സംസ്ഥാന പരീക്ഷാ ബോർഡിൽ വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പരീക്ഷയ്ക്കായി പരിശീലനം നൽകിയതിന്റെ രേഖകൾ, പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ, സാക്ഷരതാമിഷനിൽനിന്നും ലഭിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 11/16-17/20.10.17) മറുപടി ലഭ്യമാക്കിയില്ല.രേഖകൾ ഹാജരാക്കുംവരെ ഈയിനത്തിൽ ചെലവഴിച്ച 31,950/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 ഓട്ടോ വാങ്ങുന്നതിന് സബ്സിഡി -രേഖകളില്ലാത്തതിനാൽ 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്വയം തൊഴിലിന് ഓട്ടോ/പിക് അപ്പ് വാൻ വാങ്ങുന്നതിന് സബ്സിഡി (പ്രോജക്ട് നം-186/17 )എന്ന പദ്ധതിപ്രകാരം ഓട്ടോ വാങ്ങുന്നതിനായി സബ്സിഡിയിനത്തിൽ 50,000/-രൂപ വീതം വികസനഫണ്ടിൽ (എസ്.സി.പി)നിന്നും യൂണിയൻ ബാങ്കിന്റെ പുനലൂർ ശാഖയിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേരുംവിലാസവും | തുക ക്രെഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ | ബിൽനം / തീയതി | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീ.വിജയകുമാർ,നെല്ലിവിള പുത്തൻ വീട്,എലിക്കാട്ടൂർ. | യൂണിയൻ ബാങ്ക് , പുനലൂർ | 8/16-17 28.2.17 | 50,000/- |
| 2 | ശ്രീ.പ്രദീപൻ,പുഷ്പ വിലാസം,ചണ്ണക്കാമൺ. | ഇന്ത്യൻബാങ്ക് , ശാസ്താംകോട്ട | ,, | 50,000/- |
| | ആകെ | | | 1,00,000/- |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കൾ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയംസംരഭകത്വമിഷനിലോ പേരുരജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2) രണ്ട് ഗുണഭോക്താക്കൾക്കും ഡ്രൈവിംഗ് ലൈസൻസ് ഉണ്ടെങ്കിലും ബാഡ്ജ് ലഭിച്ചിട്ടില്ല.

3)മറ്റ് സ്ഥാപനങ്ങളിൽനിന്നോ ഏജൻസികളിൽനിന്നോ ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4) ഗുണഭോക്താക്കൾ ഓട്ടോ വാങ്ങിയതിന്റെ രേഖകൾ (രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ്) ഓഡിറ്റിന് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9-20.10.2017 ) മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 വിതരണരേഖകളില്ല, സൈക്കിൾ/ഫർണിച്ചർ വാങ്ങലിനു ചെലവഴിച്ച 7,42,320/-രൂപ തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തികവർഷം പട്ടികജാതി/പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്കായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ സൈക്കിൾ,ഫർണിച്ചർ വിതരണപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

| പ്രോജക്ട് | ചെലവ്/ ഫണ്ടിനം | ബിൽനം/ തുക | വാങ്ങിയ ഉപകരണങ്ങളുടെ എണ്ണം/ഇനം | സ്ഥാപനം |
|---|---|---|---|---|
| പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ-114/17 | 4,00,000/- -വികസന ഫണ്ട് (എസ്.സി.പി) | 25/16-17; 30.03.17 | Steel tablewith one drawer and cupboard on one side with novapan top of size 36"x17.8"x30" (22G)- 100 എണ്ണം<br>Steel cushioned chair-100 എണ്ണം | സിഡ്കോ |
| പട്ടിക ജാതി വിദ്യാർ ത്ഥികൾക്ക് സൈക്കിൾ-180/17 | 2,43,720/- വികസന ഫണ്ട് (എസ്.സി.പി) | 26/16-17 30.03.2017 | BSA Shine (ladies)- 33 എണ്ണം<br>Hero Rockey (boys)-30 എണ്ണം | വീനസ് സൈക്കിൾ മാർട്ട്, പുത്തൂർ |
| പട്ടിക വർഗ്ഗ വിദ്യാർത്ഥി കൾക്ക് ഫർണിച്ചർ -181/17 | 60,000/-വികസന ഫണ്ട് (ടി.എസ്.പി) | 23/16-17 30.03.17 | Steel table with one drawer and cupboard on one side with novapan top of size 36"x17.8"x30"(22G)- 15എണ്ണം | സിഡ്കോ |

| | | | | |
|---|---|---|---|---|
| | | | Steel cushioned chair-15എണ്ണം | |
| പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ-182/17 | 38,600/-വികസന ഫണ്ട്(ടി.എസ്.പി) | 24/16-17 30.3.17 | BSA Shine (ladies)-5 എണ്ണം Hero Rockey (boys)-5 എണ്ണം | വീനസ് സൈക്കിൾ മാർട്ട്,പുത്തൂർ |
| ആകെ | 7,42,320/- | | | |

പദ്ധതി നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട സ്കൂളുകളിൽനിന്നും ലഭ്യമാക്കി സൂക്ഷിച്ചില്ല.

2) സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/20.10.17) ലഭ്യമാക്കിയ മറുപടിയിൽ, വിതരണരേഖകൾ സ്കൂളുകളിൽനിന്നും ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2016-17 സാമ്പത്തികവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ ഉപകരണങ്ങൾ , അടുത്ത അധ്യയനവർഷത്തിന്റെ പകുതി പിന്നിടുമ്പോഴും വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നത് ഗൗരവകരമായ അനാസ്ഥ തന്നെയാണ്. അർഹരായവർക്ക് അടിയന്തിരമായി ഉപകരണങ്ങൾ വിതരണം ചെയ്യാൻ ഭരണസമിതിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. വിതരണരേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക ₹ 7,42,320 തടസ്സത്തിൽവയ്ക്കുന്നു.

## **3-10** പദ്ധതിനിർവഹണത്തിന്റ വിശദാംശങ്ങളില്-ചെലവു തുക,**2,23,000/-**രൂപ തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ

ചുവടെ ചേർക്കുന്ന പദ്ധതികളുടെ അംഗീകൃതപ്രോജക്ട്, ഗുണഭോക്താക്കളുടെ അപേക്ഷ,യോഗ്യത തെളിയിക്കാനുള്ള രേഖകൾ,പിൻവലിച്ച തുകയുടെ വിതരണവിവരങ്ങൾ,പദ്ധതിയുടെ പൂർത്തീകരണം ഉറപ്പാക്കുന്ന മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകൾ തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമനം | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | കക്കൂസ് നിർമ്മാണം-39/17(സ്പിൽ ഓവർ) | 46,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | 18,400/- |
| 2 | കക്കൂസ് നിർമ്മാണം-പട്ടികജാതി -ശുചിത്വമിഷനിൽ നിന്നുള്ള അധിക ധനസഹായം നൽകൽ- (സ്പിൽ ഓവർ)40/17 | 74,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | 29,600/- |
| 3 | ഭവന പുനരുദ്ധാരണം112/17 | വികസന ഫണ്ട് 3,00,000/- (എസ്.സി.പി) | 1,75,000/- |
| | | ആകെ | 2,23,000/- |

ഇതിൽ ക്രമ നം 1, 2 എന്നിവ സ്പിൽ ഓവർ പദ്ധതികളാണെങ്കിലും തുക മുഴുവനും ചെലവഴിച്ച് തൻവർഷവും പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാനമൊട്ടാകെ സമ്പൂർണ്ണശുചിത്വ സംസ്ഥാനമായി പ്രഖ്യാപിച്ചുകഴിഞ്ഞിട്ടും കക്കൂസ്നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് സഹായധനവിതരണം സമയബന്ധിതമായി പൂർത്തീകരിക്കാത്തത് നടപടിക്രമങ്ങളിലെ അപാകതയായി വിലയിരുത്തുന്നു. ചെലവുരേഖകളുടെ അഭാവത്തിൽ 2,23,000/-രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/20.0.17) വിതരണവിവരങ്ങൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന മറുപടിയാണ് ഹാജരാക്കിയത്. ആയത് അംഗീകരിക്കുന്നില്ല. മേൽ സൂചിപ്പിച്ച വിശദാംശങ്ങൾ ലഭ്യമാക്കി 2,23,000/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ തുകയിൽ അധികമായി ധനസഹായം - 5,000/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട്-പുതിയ തുറന്ന കിണർ

പ്രോജക്ട് നം-35/17(സ്പിൽ ഓവർ)

അടങ്കൽ-4,80,000/- രൂപ വികസന ഫണ്ട് (എസ്.സി.പി)

ചെലവ്-40,000/-രൂപ

ബിൽ നം/തീയതി-2/16-17; 22.11.16

നിർവഹണം – അസിസ്റ്റന്റ് സെക്രട്ടറി

ധനസഹായമിനത്തിൽ ശ്രീമതി.ലളിത, വിനേഷ് ഭവനം, വാർഡ് XIV എന്നയാളുടെ അപേക്ഷയോടൊപ്പം ഹാജരാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ, പ്രവൃത്തി മൂല്യമായി എൽ.എസ്.ജി.ഡി ഓവർസീയർ രേഖപ്പെടുത്തിയിരിക്കുന്നത് 20,000/- രൂപയാണ്. ജി.ഒ(എം.എസ്)4/16,ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖയിൽ, പട്ടികജാതിക്കാർക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി വാല്യുവേഷന്റെ 75% ആണ്. ഇപ്രകാരം ഗുണഭോക്താവിന് അനുവദനീയമായത് 15,000/-രൂപമാത്രമാണ്. എന്നാൽ ടി ഗുണഭോക്താവിന് 20,000/- രൂപയും അനുവദിച്ചുനൽകി. ആയതിന് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.9/20.10.17) ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്താവിനെക്കൊണ്ടു വാല്യുവേഷൻ സർട്ടിഫിക്കറ്റ് മാറ്റി വാങ്ങി ഓഡിറ്റിൽ ഹാജരാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ 5,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-12 അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം-6,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്-കരിയോട്ടുമല കുടിവെള്ള പദ്ധതി-

ഗാർഹിക കണക്ഷൻ (190/17)

അടങ്കൽ-500242(വികസന ഫണ്ട്-എസ്.സി.പി)

ചെലവ്-1,68,000/-

ബിൽ നം/തീയതി -9/16-17;28.2.17

നിർവഹണം – അസിസ്റ്റന്റ് സെക്രട്ടറി

കുരിയോട്ടുമല കുടിവെള്ളപദ്ധതിപ്രകാരമുള്ള ഗാർഹികകണക്ഷനവേണ്ടി വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കുവരുത്തിയരേഖകൾ ഹാജരാക്കുന്നമുറയ്ക്ക് 6,000/-രൂപ വീതം ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം തുക കൈപ്പറ്റിയ ശ്രീമതി.രമണി.കെ, പുളിമൂട്ടിൽ വീട്, വാർഡ് നം.xv.1 എന്നയാളുടെ റേഷൻകാർഡ് പരിശോധിച്ചതിൽ, ടിയാളുടെ ഭർത്താവ് സർക്കാർ ജീവനക്കാരനാണെന്ന കാണുന്നു. (RCNo.1209030299) റേഷൻകാർഡ് അല്ലാതെ, വരുമാനം തെളിയിക്കുന്ന മറ്റു രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കാർ ഉദ്യോഗസ്ഥന്റെ ആശ്രിതന് ആനുകൂല്യം നൽകിയ നടപടി അംഗീകരിക്കത്തക്കതല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/16-17;20.10.17) ലഭ്യമാക്കിയ മറുപടിയിൽ, വില്ലേജ് ഓഫീസിൽനിന്നും വരുമാന സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതു വരെ 6,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 ആശ്രയപദ്ധതി പ്രവർത്തനങ്ങൾ ഭക്ഷണവിതരണത്തിലൊതുങ്ങുന്നു.

2016-17 സാമ്പത്തികവർഷം ആശ്രയപദ്ധതിക്കുവേണ്ടി വികസനഫണ്ടിൽ (പൊതു വിഭാഗം)നിന്നും അഞ്ചുലക്ഷം രൂപ 28.2.17ലെ 6/16-17നം ബിൽപ്രകാരം അസിസ്റ്റന്റ് സെക്രട്ടറി പിൻവലിച്ച് സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9, തീയതി 20.10.17) മറുപടിയായി ലഭ്യമാക്കിയ കണക്കുകൾപ്രകാരം ഈ അഞ്ചു ലക്ഷം രൂപയുൾപ്പെടെ 31.3.17ൽ 8,42,618/-രൂപ നീക്കിയിരിപ്പുണ്ട്. 2016-17 ൽ 2,83,445/-രൂപ ഭക്ഷണവിതരണത്തിനും ഹെൽത്ത് കാർഡ് പ്രിന്റിംഗിനുമായി ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുപരിധിയിലെ ആശ്രയ ഗുണഭോക്താക്കളിൽ, 13 പേർ വസ്ത്ര ആവശ്യമുള്ളവരും, 26 പേർ വീട് ആവശ്യമുള്ളവരും, 28 പേർ കിണർ ആവശ്യമുള്ളവരും ആണെന്നിരിക്കേ, പദ്ധതിവിഹിതം യുക്തമായി ചെലവഴിക്കാതെ ഭക്ഷണവിതരണംമാത്രം നടപ്പിലാക്കുന്നത് ശരിയായ നടപടിയല്ല. മതിയായ തുക വകയിരുത്താനും ഫലപ്രദമായി വിനിയോഗിക്കുവാനും നിർവഹണ ഉദ്യോഗസ്ഥരും, ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ഉറവിട മാലിന്യസംസ്കരണ യൂണിറ്റ്-ഫണ്ടുകൾ യഥാസമയം മാറി

നൽകുന്നില്ല

| | |
|---|---|
| പ്രോജക്റ്റ്നം. | 151/17 |
| അടങ്കൽ-വികസന ഫണ്ട്<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 2,00,000/- |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 11,85,000/- |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 2,00,000/- |
| ഗുണഭോക്തൃ വിഹിതം | 3,45,000/- |
| ആകെ | 19,30,000/- |
| ചെലവ് | 10,538/- |

ബിൽ നം/തീയതി-21/16-17;25.3.17

നിർവഹണം – കൃഷി ഓഫീസർ

900/-രൂപ വിലയുള്ള 1000 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും, 8,500/-രൂപ വിലയുള്ള 120 ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കാനാണ് പദ്ധതി രൂപീകരിച്ചത്. 2,125/-രൂപ ഗുണഭോക്തൃവിഹിതമായി അടച്ച 11 ഗുണഭോക്താക്കൾക്ക് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും പ്ലാന്റുകൾ വാങ്ങി വിതരണം ചെയ്തു. 11 പേരുടെ ഗുണഭോക്തൃവിഹിതമായ 23,375/-രൂപയും പഞ്ചായത്ത് വിഹിതമായ 10,538/-രൂപയും ചേർത്ത് 33,913/-രൂപ മാത്രമാണ് കെയ്കോയ്ക്ക് നൽകിയത്. 11 പേരുടെ ബ്ളോക്ക് പഞ്ചായത്തുവിഹിതമായ 12,837/-രൂപയും (11x1167) കേന്ദ്രാവിഷ്കൃതഫണ്ടായ 46,750/-(11x4250)രൂപയും നാളിതുവരെ നിർവഹണ ഏജൻസിയ്ക്കു നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് കൃഷി ഓഫീസർ നൽകിയ കത്തുകളിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടായിട്ടില്ല. 2017-18 സാമ്പത്തികവർഷം ഈ പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കുന്നുണ്ടോ എന്ന വിവരം ഓഡിറ്റ് എൻക്വയറിക്ക് (നം.12/20.10.17) ലഭ്യമാക്കിയ മറുപടിയിൽ കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടില്ല. വകയിരുത്തിയ തുകകൾ യഥാസമയം നിർവഹണ ഏജൻസികൾക്ക് കൈമാറുന്നതിൽ അകാരണമായ കാലതാമസം വരുത്തുന്ന പ്രവണത ഉചിതമല്ല. നിർവഹണ ഉദ്യോഗസ്ഥർക്ക് ബാധ്യതയും

പ്രവർത്തനതടസ്സവും ഉണ്ടാകുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതർ ഒഴിവാക്കേണ്ടതാണ്.

## **3-15** <u>വികസനപദ്ധതികൾക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച തുകകൾ വിനിയോഗിക്കാതിരുന്നത് മൂലം ഗ്രാമപഞ്ചായത്ത് **3,55,39,750/-**രൂപ നഷ്ടപ്പെടുത്തി</u>

വികസനപദ്ധതികൾക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച തുകകൾ വിനിയോഗിക്കാതിരുന്നതുമൂലം ഗ്രാമപഞ്ചായത്തിന് തൻവർഷം 3,55,39,750/-രൂപ നഷ്ടമായി.

സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്ക് തൻവർഷം സർക്കാർ അനുവദിച്ച് നൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരംലഭിച്ച വരവ് | ചെലവ് | സഞ്ചിതനിധി യിലേക്ക് തിരിച്ചടച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 2,66,00,434/- | 1,92,80,231/- | 73,20,203/- | 72.48% |
| വി.ഫണ്ട്- SCP | 1,25,08,242/- | 67,90,120/- | 57,18,122/- | 54.29% |
| വി. ഫണ്ട്- TSP | 5,98,380/- | 4,02,241/- | 1,96,139/- | 67.22% |
| 13'th ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13,8,80,949/- | 85,38,552/- | 53,42,397/- | 61.51 % |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 1,85,14,257/- | 1,01,08,151/- | 84,06,106/- | 54.60% |
| മെയി.ഗ്രാന്റ്- നോൺ റോഡ് | 57,41,589/- | 33,32,580/- | 24,09,009/- | 58.04% |

| | | | | |
|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 78,73,990/- | 17,26,216/- | 61,47,774/- | 21.92 % |
| ആകെ | 8,57,17,841/- | 5,01,78,091/- | 3,55,39,750/- | 58.53% |

1994 ലെ കേരള പഞ്ചായത്തീരാജ് നിയമങ്ങളിൽ പ്രതിപാദിക്കുംപ്രകാരം വികേന്ദ്രീകൃതാസൂത്രണ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വികസനപദ്ധതികൾ ആവിഷ്കരിക്കുവാനും ബജറ്റ് തയ്യാറാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. പെർഫോമൻസ് ഗ്രാന്റിന്റെ ചെലവ് 21.92 ശതമാനമാണ്. പെർഫോമൻസ് ഗ്രാന്റിന്റെ കുറഞ്ഞ ചെലവ് ശതമാനം തുടർവർഷങ്ങളിലെ ഗ്രാന്റിന്റെ ലഭ്യതയെ ബാധിക്കുന്നതാണ്. ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാനും സർക്കാർ അനുവദിച്ചുനൽകുന്ന ഫണ്ടുകൾ ധനവിനിയോഗമാർഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിച്ച് ചെലവഴിക്കുവാനും ഉദ്യോഗസ്ഥരും ഭരണസമിതിയും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്..

## 3-16 ഡിപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല-

അസി.എൻജിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 4 പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ താഴെപ്പറയുന്ന തുകകൾ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും തൻവർഷം പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | തുക | ബിൽ നം-തീയതി |
|---|---|---|
| മാങ്കോൺ കുടിവെള്ള പദ്ധതി | 1,99,615/- | 44/28.3.17 |
| സന്ന്യാസിക്കോൺ കമ്പിലൈൻ കുടിവെള്ളപദ്ധതി | 2,21,761/- | 45/28.3.17 |
| ഓഞ്ചുപാറ കുടിവെള്ള പദ്ധതി | 1,67,837/- | 46/28.3.17 |
| 11, 14, 15, 19 അംഗൻവാടികളുടെ മെയിന്റനൻസ് | 2,24,735/- | 47/28.3.17 |
| ആകെ | 8,13,948/- | |

ഇതു സംബന്ധിച്ച നല്കിയ ആഡിറ്റ് എൻക്വയറി നം. 8/20-10-17 ന് നല്കിയ മറുപടിയിൽ ടി പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും കറന്റ് കണക്ഷൻ കിട്ടാനുള്ളതിനാലാണ് പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കാത്തത് എന്നാണ് എ.ഇ അറിയിച്ചിട്ടുള്ളത് . വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിച്ച 8,13,948/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പത്തനാപുരം ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 3,56,700/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 3,56,700/- | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

--

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | മാങ്കോൺ കുടിവെള്ള പദ്ധതി | 44/28.3.17 | 1,99,615/- | - | 1,99,615/- |
| | സന്യാസിക്കോൺ കമ്പിലൈൻ കുടിവെള്ള പദ്ധതി | 45/28.3.17 | 2,21,761/- | | 2,21,761/- |
| | ഓന്തുപാറ കുടിവെള്ള പദ്ധതി | | 1,67,837/- | - | 1,67,837/- |
| | 11,14,15,19നം. അങ്കണവാടികളുടെ മെയിന്റനൻസ് | 47/28.3.17 | 2,24,735/- | - | 2,24,735/- |
| | ആകെ | | 8,13,948/- | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 1490/10 09.05.2010 | 1,47,84,500/- | 33,97,354/- | 5,95,567/- | 60,330/- | 28,01,787/- |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 26,530/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2007-08 | 2-2 | 7,500/- | ശ്രീ.ബൽരാജ്, മുൻ സെക്രട്ടറി | 11602900007/ 18.07.16 |
| 2007-08 | 3-10 | 5,000/- | ശ്രീ.സജി മോഹൻദാസ്, വി.ഇ.ഒ | 1160110417/ 29.7.16 |
| 2012-13,2013-14 | 2-2 | 250/- | തൊഴിൽ നികുതി ഈടാക്കി യതിലെ കുറവ് | 11601100161/ 08.4.2016 |
| 2012-13,2013-14 | 2-2 | 150/- | തൊഴിൽ നികുതി ഈടാക്കി യതിലെ കുറവ് | 11601100462/ 08.4.2016 |
| 2014-15 | 3-2 | 5,813/- | മിനി മേഴ്സി,എഫ്.ടി.എസ് | 11601102305/ 04.10.2016 |
| 2014-15 | 3-11 | 2,943/- | ദിനേഷ്,അസിസ്റ്റന്റ് എഞ്ചിനീയർ | 11601103072/ 01.12.2016 |
| 2014-15 | 3-22 | 2,291/- | ദിനേഷ്,അസിസ്റ്റന്റ് എഞ്ചിനീയർ | 11601103073/ 01.12.2016 |

| | | | | |
|---|---|---|---|---|
| | | 2,583/- | ഗോപാലകൃഷ്ണൻ,മുൻ യു.ഡി ക്ളാർക്ക് | 11602900051/ 01.04.2017, 31.03.17ൽ ട്രഷറിയിൽ നേരിട്ട് ഒടുക്കി |
| ആകെ | | 26,530/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,09,91,953/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,20,27,984/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37,48,270/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി-യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | | 5,000/- | ശ്രീ ജോൺ ഗോട്ടിക്ക് ഗ്രീക്ക്, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 1) | 1,00,000/- | ഡോ.സന്ധ്യാ സുധാകരൻ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 2) | 1,00,000/- | |
| 3) | 25,000/- | |
| 4) | 30,000/- | |
| 3-5 | 13,50,000/- | ശ്രീ. ജോൺ ഗോട്ടിക്ക് ഗ്രീക്ക്, അസി.സെക്രട്ടറി |
| 3-6 | 2,40,000/- | ശ്രീ.എസ്.ബഷീർ, സെക്രട്ടറി |
| | 8,00,000/- | |
| 3-7 | 31,950/- | ശ്രീ.എസ്.ബഷീർ, സെക്രട്ടറി |
| 3-8 | 1,00,000/- | ശ്രീ ജോൺ ഗോട്ടിക്ക് ഗ്രീക്ക്, അസി.സെക്രട്ടറി |
| 3-9 | 7,42,320/- | ശ്രീ ജോൺ ഗോട്ടിക്ക് ഗ്രീക്ക്, അസി.സെക്രട്ടറി |

| | | |
|---|---|---|
| 3-10 | 2,23,000/- | ശ്രീ ജോൺ ഗോട്ടിക്ക് ഗ്രീക്ക്, അസി.സെക്രട്ടറി |
| 3-12 | 6,000/- | ശ്രീ ജോൺ ഗോട്ടിക്ക് ഗ്രീക്ക്, അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജോൺ ഗോട്ടിക്ക് ഗ്രീക്ക്, | അസി.സെക്രട്ടറി | കോട്ടാർഭവൻ , എസ്.വി.മാർക്കറ്റ് കരുനാഗപ്പള്ളി |
| ബഷീർ.എസ് | സെക്രട്ടറി | മുക്കാലിയിൽ വീട് തടിക്കാട്.പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1997-98 | എൽ.എഫ്.ക്യൂ.പി-5/1280(4)/2014,19.06.2014 | 3 |
| 1998-99 | എൽ.എഫ്.ക്യൂ.പി-5/1280(5)/2014,19.06.2014 | 4 |
| 1999-00 | എൽ.എഫ്.ക്യൂ.പി-5/1280(6)/2014,19.06.2014 | 7 |
| 2000-01 | എൽ.എഫ്.ക്യൂ.പി-5/1280(7)/2014,19.06.2014 | 9 |
| 2001-02 | എൽ.എഫ്.ക്യൂ.പി-5/1280(8)/2014,19.06.2014 | 7 |
| 2002-03 | എൽ.എഫ്.ക്യൂ.പി-5/1280(9)/2014,19.06.2014 | 6 |
| 2003-04 | എൽ.എഫ്.ക്യൂ.പി-5/1280(10)2014,19.06.2014 | 15 |
| 2004-05 | എൽ.എഫ്.ക്യൂ.പി-5/1280(11)2014,19.06.2014 | 13 |
| 2005-06 | എൽ.എഫ്.ക്യൂ.പി-5/1280(12)/2014,19.06.2014 | 9 |
| 2006-07 | എൽ.എഫ്.ക്യൂ.പി-5/1280(13)/2014,19.06.2014 | 6 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.ക്യൂ.പി-5/1280(14)2014,19.06.2014 | 8 |
| 2008-09 | എൽ.എഫ്.ക്യൂ.പി-5/1280(14)2014,19.06.2014 | 17 |
| 2009-10 | എൽ.എഫ്.ക്യൂ.പി-5/1280(15)/2014,19.06.2014 | 13 |
| 2010-11&<br>2011-12 | എൽ.എഫ്.ക്യൂ.പി-5/973/1313 08 2013 | |
| 2012-13 &<br>2013-14 | എൽ.എഫ്.ക്യൂ.പി-5/425)/2015/1.04.2015 | |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.5/1126/16/27.07.16 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയെ, കൊല്ലം

## 4-10 അനുബന്ധം

നമ്പർ. കെ.എസ്.എ.കെ.എൽ.എം.പി.9/1910/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 03/11/2017

സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷികധനകാര്യപത്രിക, വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.